പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

**നം.എസിഡി എസ്.പി.സി(1)/179644/2020/എച്ച്.എസ്.ഇ.** **തീയതി.** 03/03/2021

# <u>സർക്കുലർ</u>

**വിഷയം-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി.- മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പ് 2020-21 ന്റെ പ്ലസ്ടു റിന്യൂവൽ - സംബന്ധിച്ച്.

മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പിന്റെ പ്ലസ്ടു വിദ്യാർത്ഥികൾക്കുള്ള റിന്യൂവലിന് ജനറൽ വിഭാഗത്തിൽ ആദ്യഘട്ടത്തിൽ അർഹത നേടാൻ സാധിക്കാതെ പോയ വിദ്യാർത്ഥികൾക്കും പ്ലസ്വൺ ഇംപ്രൂവ്മെന്റ് പരീക്ഷാഫലത്തിന്റെ അടിസ്ഥാനത്തിൽ ഒരവസരം കൂടി നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ Not eligible എന്ന് രേഖപ്പെടുത്തിയ വിദ്യാർത്ഥികൾക്ക് പ്ലസ്വൺ ഇംപ്രൂവ്മെന്റ് പരീക്ഷാഫലം കൂടി കണക്കിലെടുക്കുമ്പോൾ എല്ലാ വിഷയത്തിനും D+ ൽ കുറയാത്ത ഗ്രേഡും, പ്ലസ് വണ്ണിന് 70% -ൽ കുറയാത്ത ഹാജരുമുണ്ടെങ്കിൽ സ്കോളർഷിപ്പ് റിന്യൂവലിന് അർഹതയുള്ളതാകുന്നു.

റിന്യൂവലിനായി, ഹയർ സെക്കൻഡറി സ്കോളർഷിപ്പ് പോർട്ടലായ scholarship.dhse.kerala.gov.in -ൽ, സ്കൂൾ ലോഗിനിൽ *General Category-Supplementary Renewal* എന്ന ലിങ്ക് ലഭ്യമാക്കിയിട്ടുണ്ട്.

- SC/ST, Arts/Sports/Differently Abled എന്നീ വിഭാഗങ്ങളിൽ പ്ലസ്വൺ വിദ്യാർത്ഥികളായിരിക്കെ, സ്കോളർഷിപ്പിനായ തെരഞ്ഞെടുക്കപ്പെട്ടവർക്ക് റിന്യൂവലിനുള്ള ലിങ്കും പ്രത്യേകമായി തന്നെ ലഭ്യമാക്കിയിട്ടുണ്ട്. ജനറൽ കാറ്റഗറിയിൽ റിന്യൂവലിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ (പ്ലസ്വൺ ഇംപ്രൂവ്മെന്റ് പരീക്ഷാഫലം കൂടി കണക്കിലെടുക്കുമ്പോൾ എല്ലാ വിഷയത്തിനും D+ ൽ കുറയാത്ത ഗ്രേഡും, പ്ലസ് വണ്ണിന് 70% -ൽ കുറയാത്ത ഹാജരുമുണ്ടെങ്കിൽ) മേൽ വിഭാഗങ്ങൾക്കും ബാധകമാണ്.
- യാതൊരു കാരണവശാലും പ്ലസ്ടു റിന്യൂവലിനായി പുതിയ അപേക്ഷകൾ ക്ഷണിക്കാൻ പാടുള്ളതല്ല. പ്ലസ്വണ്ണിൽ സ്കോളർഷിപ്പിന് അർഹരായവരിൽ നിന്നും പ്ലസ് വൺ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ വാങ്ങി ശേഖരിച്ച് സൂക്ഷിച്ചാൽ മതി.

- റിന്യൂവലിന് അർഹതയുള്ളവരുടെ വിശദാംശങ്ങൾ സൂക്ഷ്മപരിശോധന നടത്തി അർഹത ഉറപ്പു വരുത്തേണ്ടത് സ്കൂൾതലത്തിലുള്ള തെരഞ്ഞെടുപ്പ് കമ്മിറ്റിയാകുന്നു. റിന്യൂവലിന് അർഹത നേടാത്ത വിദ്യാർത്ഥികളുടെ ഡാറ്റാ എൻട്രിയിൽ ആയതിന്റെ കാരണം നിർബന്ധമായും വ്യക്തമാക്കേണ്ടതാണ്.
- **എല്ലാ കാറ്റഗറിയിലേയും റിന്യൂവലിനുള്ള ഡാറ്റാ എൻട്രി 03/03/2021 ന് ആരംഭിക്കുന്നതും 08/03/2021 ന് വൈകിട്ട് 3 മണിയ്ക്ക് അവസാനിക്കുന്നതുമായിരിക്കും.** റിന്യൂവലിനായി പിന്നീട് ഒരവസരം ഉണ്ടായിരിക്കുന്നതല്ല.
- **ഈ വകുപ്പിൽ നിന്നും നിർദ്ദേശിക്കാത്തപക്ഷം ബി.പി.എൽ. സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് ഇ-മെയിലായി ലഭ്യമാക്കുന്ന പരാതികളും അപേക്ഷകളും പരിഗണിക്കുന്നതല്ല.**

ഒപ്പ്

ജോയിന്റ് ഡയറക്ടർ
(അക്കാഡമിക്)